"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് - ചെപ്പുകുളം കുറുക്കനാട് വെണ്ണിയാനി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ.ബിജു.വി.കെയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(ഇഡബ്ല്യു എ) വകുപ്പ്**

സ.ഉ.(സാധാ) നം.1869/2026/LSGD തീയതി,തിരുവനന്തപുരം, 05-10-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിന്റെ 29-04-2023 ലെ വിജി-ഡി1/363/2022-വിജി നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 11/07/2022 ലെ ഇ8 - (എസ്.സി 23/2021/ഐ.ഡി.കെ) 2255/2021 നമ്പർ കത്ത്.
3. 10.06.24 ലെ EWA3/177/2023-LSGD നമ്പർ മെമ്മോ
4. ശ്രീ.ബിജു.വി.കെ 27.09.24 ൽ സമർപ്പിച്ച മറുപടി.
5. 13-08-2025 ലെ 177/EWA3/2023/തസ്വഭവ. നമ്പർ കുറ്റപത്രം.
6. 25/09/2025-ൽ അസി.എഞ്ചിനിയർ ശ്രീ.ബിജു.വി.കെ സമർപ്പിച്ച എതിർ വാദപത്രിക.
7. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28-04-2026 ലെ LSGD/PD/53818/2023-VIGB3 നമ്പർ അഭിപ്രായ റിപ്പോർട്ട് .

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ ചെപ്പുകുളം കുറുക്കനാട് വെണ്ണിയാനി റോഡിന്റെ നിർമ്മാണവേളയിൽ കരാറുകാരൻ ടി സ്ഥലത്തുനിന്നും പൊട്ടിച്ച പാറക്കല്ലുകൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നതായി ശ്രീ.കെ.ജെ.ടോമി വിജിലൻസ് മുൻപാകെ സമർപ്പിച്ച പരാതിയിൽ ഇടുക്കി വിജിലൻസ് യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ ചെപ്പുകുളം കുറുക്കനാട് വെണ്ണിയാനി റോഡ് പണി സ്ഥലത്തുനിന്നും പൊട്ടിച്ച പാറക്കല്ലുകൾ പുറത്തേയ്ക്കു കൊണ്ടുപോയിട്ടുള്ളതായും, ആയതിൽ ടി കാലയളവിലെ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. ബിജു.വി.കെ-യ്ക്ക് (PEN 482127) മേൽനോട്ടക്കുറവുണ്ടായതായും വിജിലൻസ് കണ്ടെത്തിയിരുന്നു. കൂടാതെ ടി വർക്കിന് ഉപയോഗിച്ചതിനു ശേഷം ബാക്കി കിടക്കുന്ന കല്ലിന്റെ അളവ് കണക്കാക്കിയും, പുറത്തേക്ക് കൊണ്ടുപോയ കല്ലിന്റെ അളവ്

തിട്ടപ്പെടുത്തി വിലനിർണയം നടത്തി, ടി തുക ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്ത് കരാറുകാരന്റെ ബില്ല് മാറി കൊടുക്കുന്നതിനും, ബാക്കി കിടക്കുന്ന കല്ല് ലേലം ചെയ്യുന്നതിനും വിജിലൻസ് ശുപാർശ നല്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് നടപ്പാക്കി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ നിർദ്ദേശം നല്കിയിരുന്നു. വിജിലൻസ് ചൂണ്ടിക്കാട്ടിയ വീഴ്ചയ്ക്ക് ഉത്തരവാദിയായ ടി കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിജു.വി.കെ യ്ക്ക് വിശദീകരണ മെമ്മോ നല്കിയിരുന്നു. എന്നാൽ ശ്രീ.ബിജു.വി.കെ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെ 1960-ലെ KCS(CC&A) Rules-ലെ റൂൾ 16 പ്രകാരം നടപടി ആരംഭിക്കുകയും കുറ്റപത്രം നൽകുകയും ചെയ്തിരുന്നു.

കുറ്റപത്രത്തിന് ശ്രീ.ബിജു.വി.കെ സമർപ്പിച്ച എതിർവാദ പത്രിക താഴെപ്പറയും പ്രകാരമാണ്.

ടിയാൻ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ 18/07/2019-ന് അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ചുവെന്നും, എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെപ്പുകുളം കുറുക്കനാട് വെണ്ണിയാനി റോഡ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിക്കുകയും, മറ്റ് നടപടി ക്രമങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്നും തുടർന്ന് ഇനീഷ്യൽ ലെവൽ 19/05/2020 ലും ഇന്റർ മീഡിയേറ്റ് ലെവൽ 05/06/2021 - ലും CTE യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും തുടർന്ന് ആദ്യ ഘട്ടത്തിൽ മണ്ണ്, പാറ എന്നിവയുടെ ഖനനം നടത്തി റോഡ് ഫോർമേഷൻ ചെയ്തു കൊണ്ടിരുന്ന സമയത്ത് പാറ പൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട പരാതി ഉണ്ടായതിൻ പ്രകാരം വിജിലൻസ് അന്വേഷണം നടത്തുകയും അതിനോടനുബന്ധിച്ച് ഓഫീസ്, സൈറ്റ് എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ചെയ്തുവെന്നും റോഡ് പ്രവൃത്തിയുടെ ഫോർമേഷനുമായി ബന്ധപ്പെട്ട് പൊട്ടിച്ചെടുത്ത കരിങ്കല്ല് കൊണ്ട് സൈഡ്കെട്ട് നിർമ്മാണം നടന്നു കൊണ്ടിരിക്കുകയുമായിരുന്നുവെന്നും, ഇനീഷ്യൽ ലെവൽ, ഇന്റർ മീഡിയേറ്റ് ലെവൽ എന്നിവ പ്രകാരം റോഡിന്റെ ഫോർമേഷൻ ശരിയായ രീതിയിൽ നടത്തുന്നതിന് പാറപൊട്ടിയ്ക്കൽ അനിവാര്യമായ ഒന്നായിരുന്നു എന്ന് വിജിലൻസിനെ ബോധ്യപ്പെടുത്തുകയും, പൊട്ടിച്ച കല്ലിന്റെ യഥാർത്ഥ അളവ് ഫൈനൽ ലെവൽ എടുക്കുന്നതിലൂടെ ലഭിക്കുന്നതാണെന്ന വിവരം അന്വേഷണ ഉദ്യോഗസ്ഥരെ അറിയിക്കുകയും അന്വേഷണ സംഘത്തോടൊപ്പം ഉണ്ടായിരുന്ന പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയത് അംഗീകരിച്ചിട്ടുള്ളതുമാണെന്നും റോഡ് ഫോർമേഷൻ പൂർത്തീകരിക്കുകയും ആയതിന്റെ ഫൈനൽ ലെവൽസ് എടുത്ത് ഖനനം ചെയ്ത പാറ, മണ്ണ് എന്നിവയുടെ അളവുകൾ കണക്കാക്കുകയും ആയതിൽ ലഭ്യമായ പാറയുടെ അളവ് 814.37 ക്യൂബിക് മീറ്ററായി രേഖപ്പെടുത്തിയിട്ടുള്ളതും, പൊട്ടിച്ച പാറയുടെ അളവിൽ ഉണ്ടാകുന്ന വർദ്ധന കൂടി കണക്കാക്കി ആകെ 1221.55 ക്യൂബിക് മീറ്റർ കല്ല് എന്ന് ക്ലിപ്തപ്പെടുത്തുകയും ആയതിൽ നിന്ന് സംരക്ഷണഭിത്തിയ്ക്ക് ഉപയോഗിച്ച 537.83 ക്യൂബിക് മീറ്റർ കല്ല് കിഴിച്ച് 687.73 ക്യൂബിക് മീറ്റർ സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും സൈറ്റിൽ സ്റ്റാക്ക് ചെയ്തിരുന്ന കല്ല് ലേലം ചെയ്ത് 15/07/2022-ൽ ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച് 27/07/2022-ന് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതിൽ നിന്നും പാറ ഖനനം ചെയ്യുന്ന സമയത്ത് കരാറുകാരൻ പൊട്ടിച്ച പാറ അനധികൃതമായി കടത്തിക്കൊണ്ട് പോയിട്ടില്ലായെന്നത് വ്യക്തമാകുന്നുവെന്നും ആയത് പ്രകാരമുള്ള റോയൽറ്റി, പാറയുടെ അംഗീകരിച്ച തുക എന്നിവ ലേലം നേടിയ വ്യക്തി പഞ്ചായത്തിൽ അടയ്ക്കുകയും ആയത് പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്ന് പാസ് ലഭിക്കുകയും, ലേലം കൊണ്ട അളവ് പാറ സൈറ്റിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായും ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ രേഖകളിൽ നിന്നും അറിവായിട്ടുണ്ടെന്നും, ഇതുവഴി സർക്കാരിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലായെന്നും ടിയാൻ അറിയിച്ചിരുന്നു. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഫോർമേഷൻ ചെയ്ത റോഡിൽ

കോൺക്രീറ്റ് ചെയ്യുകയും, ആകെ പ്രവൃത്തികളുടെ മെഷർമെന്റ്, ബില്ല് എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കി മേലധികാര സ്ഥാനങ്ങളിൽ പരിശോധിച്ച് പാസാക്കിയിട്ടുള്ളതും. ബിൽ തുക കരാറുകാരന് നൽകിയതായും ടിയാൻ അറിയിച്ചിരുന്നു.

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ 21/02/2025 തീയതി DE1/GENERAL/2024/LSGD/IDK നമ്പറായി പ്രിൻസിപ്പൽ ഡയറക്ടർ മുമ്പാകെ നൽകിയിട്ടുള്ള കത്തിലെ ഖണ്ഡിക മൂന്നിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഫൈനൽ ലെവൽ പ്രകാരം പൊട്ടിച്ച 1221.55 m3 പാറയിൽ സംരക്ഷണ ഭിത്തിയ്ക്ക് ഉപയോഗിച്ച 537.83 m3 പാറ കിഴിച്ച് ബാക്കി വന്ന 683.72 m3 പാറ നിയമപരമായി വിൽപന നടത്തി റോയൽറ്റി തുക സർക്കാരിലേക്കും, പാറയുടെ വില ഗ്രാമപഞ്ചായത്തിലേക്കും അടവാക്കിയത് ഉറപ്പ് വരുത്തിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊട്ടിച്ച പാറ കരാറുകാരൻ അനധികൃതമായി കടത്തികൊണ്ട് പോയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, ടി വിവരങ്ങളൊക്കെ ബിൽ തയ്യാറാക്കി നൽകിയ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ 07/09/2023 344/AE/UD&EW/UDBNR/2023-24 നമ്പറായി ഉടുമ്പന്നൂർ സെക്രട്ടറിയ്ക്ക് നല്കിയ കത്തിൽ ബോധിപ്പിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പാറ പൊട്ടിച്ച് കരാറുകാരൻ സൈറ്റിൽ നിന്നും അനധികൃതമായി കടത്തി കൊണ്ടുപോയി എന്നുള്ളത് വസ്തുതാ വിരുദ്ധമാണെന്ന് തെളിയുന്നുവെന്നും ആയതിനാൽ പ്രവൃത്തിയുടെ ആദ്യഘട്ടത്തിൽ മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്വങ്ങൾ ടിയാൻ പൂർണ്ണമായും നിയമാനുസൃതമായും നിർവ്വഹിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ കുറ്റത്തിൽ നിന്നും ഒഴിവാക്കിത്തരണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

ശ്രീ.ബിജു.വി.കെയുടെ എതിർവാദ പത്രികയിന്മേൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായറിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

വിജിലൻസ് അന്വേഷണം ആരംഭിക്കുന്ന സമയത്ത് ടി പ്രവൃത്തി പ്രാരംഭഘട്ടത്തിലായിരുന്നുവെന്നും നിലവിലുള്ള സ്ഥിതി വിജിലൻസിനെ ബോധ്യപ്പെടുത്തുകയും, പ്രവൃത്തി വയ്ക്കേണ്ടതില്ല തുടരാമെന്നുള്ള വാക്കാലുള്ള നിർദ്ദേശപ്രകാരം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും, പ്രവൃത്തി നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളായ ഇനിഷ്യൽ ലെവൽ ഇന്റർമീഡിയറ്റ് ലെവൽ, ഫൈനൽ ലെവൽ എന്നിവ രേഖപ്പെടുത്തിയിട്ടുള്ളതും CTE യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, പ്രവൃത്തി സംബന്ധമായ രേഖകൾ ഇടുക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പരിശോധിച്ചതിൽ ലെവൽസ് പ്രകാരം കാണുന്ന പാറയുടെ അളവ് 814.54 m3 ആണെന്നും, സോളിഡ് റോക്കിനെ പൊട്ടിച്ച് റബിൾ ആക്കി അട്ടിവെയ്ക്കുമ്പോളുണ്ടാകുന്ന വ്യാപ്ത വർദ്ധനവ് കണക്കിലെടുക്കുമ്പോഴാണ് 1221.55 m3 എന്ന അളവ് ലഭ്യമാകുന്നതെന്നും റോഡ് നിർമ്മാണത്തിനായി ഖനനം ചെയ്ത 1221.55 m3 പാറയിൽ 537.83 m3 പാറ സൈഡ് കെട്ടുന്നതിന് ഉപയോഗിച്ചിട്ടുള്ളതായും ബാക്കിയുള്ള 683.73 m3 പാറ ലേലം ചെയ്തിട്ടുള്ളതായും ഇടുക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 683.73 m3 പാറ മൂന്ന് തവണ ലേലം ചെയ്യുകയും, രണ്ട് തവണ ആരും ലേലത്തിൽ പങ്കെടുക്കാതിരിക്കുകയും ഒരു തവണത്തെ ലേലത്തുക കുറവായതിനെതുടർന്ന് ക്വട്ടേഷൻ വിളിക്കുകയും കൂടുതൽ തുക ക്വട്ടേഷനിൽ രേഖപ്പെടുത്തിയ

ആൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 22.07.2022 തീയതിലെ 4.1 നമ്പർ തീരുമാനപ്രകാരം ക്വട്ടേഷൻ അനുവദിച്ചു നല്കുകയും ചെയ്തിട്ടുണ്ടെന്നും, റോയൽറ്റി ഇനത്തിൽ സർക്കാരിന് നല്കേണ്ട തുക ചെലാൻ മുഖേന അടച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ ജിയോളജിസ്റ്റ് പാറ കൊണ്ടുപോകുന്നതിനുള്ള ട്രാൻസിറ്റ് പാസ് അനുവദിച്ചു നല്കിയിട്ടുണ്ടെന്നും ടി ലേലങ്ങൾ നടത്തിയിട്ടുള്ളത് ലേലനടപടിക്രമങ്ങൾ പാലിച്ചാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇടുക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബിജു.വി.കെ യുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

വിജിലൻസ് റിപ്പോർട്ട്, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബിജു.വി.കെ സമർപ്പിച്ച പ്രതിവാദപത്രിക, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ താഴെപ്പറയുന്നവ വെളിവാകുന്നു.

റോഡ് നിർമ്മാണത്തിനായി ഖനനം ചെയ്ത 1221.55 M3 പാറയിൽ 537.83 M3 പാറ സൈഡ് കെട്ടുന്നതിന് ഉപയോഗിച്ചിട്ടുള്ളതായും, ബാക്കിയുള്ള 683.73 M3 പാറ ലേലം ചെയ്തിട്ടുളളതായും ഇടുക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നല്കിയിട്ടുണ്ട്. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 683.73 m3 പാറ മൂന്ന് തവണ ലേലം ചെയ്യുകയും, രണ്ട് തവണ ആരും ലേലത്തിൽ പങ്കെടുക്കാതിരിക്കുകയും ഒരു തവണത്തെ ലേലത്തുക കുറവായതിനെതുടർന്ന് ക്വട്ടേഷൻ വിളിക്കുകയും കൂടുതൽ തുക ക്വട്ടേഷനിൽ രേഖപ്പെടുത്തിയ ആൾക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 22.07.2022 തീയതിലെ 4.1 നമ്പർ തീരുമാനപ്രകാരം ക്വട്ടേഷൻ അനുവദിച്ചു നല്കുകയും ചെയ്തിട്ടുള്ളതാണ്. റോയൽറ്റി ഇനത്തിൽ സർക്കാരിന് നല്കേണ്ട തുക ചെലാൻ മുഖേന അടച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ ജിയോളജിസ്റ്റ് പാറ കൊണ്ടുപോകുന്നതിനുള്ള ട്രാൻസിറ്റ് പാസ് അനുവദിച്ചു നല്കിയിട്ടുണ്ടെന്നും ടി ലേലങ്ങൾ നടത്തിയിട്ടുള്ളത് ലേലനടപടിക്രമങ്ങൾ പാലിച്ചാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇടുക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബിജു.വി.കെ-യുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ ചെപ്പുകുളം കുറുക്കനാട് വെണ്ണിയാനി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ.ബിജു.വി.കെ (PEN 482127) യ്ക്കെതിരെ 1960-ലെ KCS(CC&A) Rules-ലെ റൂൾ 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിക്കൊണ്ട് ടി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീ.ബിജു.വി.കെ (PEN 482127) മുൻ. അസിസ്റ്റന്റ് എഞ്ചിനീയർ, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഈ ഉത്തരവുപ്രകാരം തുടർ നടപടി സ്വീകരിയ്ക്കുന്നതിനായി)

3. വിജിലൻസ് (ഡി) വകുപ്പ് (29-04-2023, 18.06.2026- ലെ വിജി-ഡി1/363/2022-വിജി പ്രകാരം.)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
6. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (EWA3/177/2023-LSGD).

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 05-10-2026
10:17:17

സെക്ഷൻ ഓഫീസർ